# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *126** 12.06.2019 -ലെ മറുപടിയ്ക്ക്

## <u>ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിന് പദ്ധതി</u>

<u>ചോദ്യം</u>

ശ്രീ. എം. സ്വരാജ്
ശ്രീ. എസ്. ശർമ്മ
ശ്രീ. കെ. ബാബു
ശ്രീ. എ. പ്രദീപ്കുമാർ

<u>ഉത്തരം</u>

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ നയം നടപ്പാക്കാനുള്ള ഏജൻസി മാത്രമായി ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ കേന്ദ്ര സർക്കാർ അധഃപതിപ്പിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ കേന്ദ്ര സർവ്വകലാശാലയിൽ സ്വതന്ത്ര ചിന്തയും അന്വേഷണാത്മകതയും തടഞ്ഞുകൊണ്ട് കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന വിഷയങ്ങളിൽ മാത്രമേ ഗവേഷണം നടത്താൻ അനുവദിക്കുന്നുള്ളൂവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; സംസ്ഥാനത്ത് ഇത്തരം നടപടികൾക്ക് ബദലായി വൈജ്ഞാനിക രംഗത്ത് ഏറ്റവും പുതിയ അറിവുകൾ കൂടി സ്വാംശീകരിക്കത്തക്കവിധത്തിൽ പാഠ്യപദ്ധതിയുടെ നിരന്തര നവീകരണത്തിന് | (എ) | ഇല്ല<br>സംസ്ഥാനത്തെ സർവകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് മാർഗ നിർദ്ദേശം നൽകിവരുന്നത് പ്രധാനമായും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ പുന:സംഘടിപ്പിക്കുന്നതിന് കൗൺസിൽ നേതൃത്വം നൽകുകയും 2009-10 മുതൽ ഈ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്തു. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുന:സംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസിന്റെ അദ്ധ്യ |

| | | | |
|---|---|---|---|
| | പദ്ധതിയുണ്ടോ; | | ക്ഷതയിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരിക്കുകയാണ്. |
| (ബി) | ഉന്നതവിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകൾക്കും സർക്കാർ കോളേജുകൾക്കും നാക് അക്രെഡിറ്റേഷൻ ലഭിക്കത്തക്ക രീതിയിൽ ഗ്രേഡ് ഉയർത്താൻ വേണ്ടിയുള്ള പ്രവർത്തനം വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് സർവ്വകലാശാലകൾക്കും, സർക്കാർ എയ്ഡഡ് കോളേജുകൾക്കും സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾക്കും മികച്ച തലത്തിലുള്ള NAAC അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി കോളേജ് തലത്തിൽ Internal Quality Assurance Cell (IQAC) രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. NAAC അക്രഡിറ്റേഷന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യവികസനത്തിനും, അക്കാദമിക ഗുണമേന്മ വർദ്ധിപ്പി ക്കുന്നതിനും അക്കാദമിക് എക്സലൻസ് ഇൻ ടീച്ചിംഗ്, ലേണിംഗ് & റിസർച്ച്, Quality Enhancement and Accreditation എന്നീ പദ്ധതികൾ പ്രകാരം ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ പറയുന്നു.**

➢ FRS Fostering Research in Studies

വിദ്യാർത്ഥികളിലെ ഗവേഷണ തൽപ്പരതയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പദ്ധതി

➢ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥാ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്പ്മെന്റ് സ്റ്റുഡിയോ (ORICE – Online Resource Initiatives of Collegiate Education) മുഖേന beyond syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ നടന്നു വരുന്നുണ്ട്.

➢ ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി ക്ലാസുകൾ നൽകുന്നതിനും സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി Scholar Support Programme നടന്നുവരുന്നുണ്ട്.

➢ പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനൊപ്പം (Walk with Scholar) എന്ന പദ്ധതി നടന്നു വരുന്നു.

- വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി രംഗത്തെ നിലവാരം പ്രയോജനപ്പെടുത്തി വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി എന്ന പദ്ധതി നടന്നു വരുന്നു.

- വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ-ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നു.

- രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാലപഠനങ്ങൾ നടത്തുന്നതിനും പ്രൊജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞർ സാമൂഹ്യ ശാസ്ത്രജ്ഞർ എന്നിവരുമായി ചേർന്ന് ചെയ്യാനും ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകി വരുന്നു.

- NIP (Nurturing Inquisitiveness Programme) :- വിദ്യാർത്ഥികളുടെ സാമൂഹ്യവബോധം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യോന്മുഖമായ ഗവേഷണത്തിന് ഊന്നൽ നൽകുന്നതിനുമായുള്ള ഗവേഷണ പരിശീലന പദ്ധതി.

- വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുകയും അവർക്ക് താല്പര്യമുണ്ടെങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടാൻ അവസരം ഒരുക്കുന്നതിനായി സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ